**അറിയിപ്പ്**

അഡ്ഹോക്ക് കമ്മിറ്റി രൂപീകരണം

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു അറിയിപ്പ് സഭയെ അറിയിക്കുകയാണ്. സ്വന്തം കിടപ്പാടം ഈടുനൽകി വിവിധ ബാങ്കുകളിൽനിന്നും വായ്പയെടുത്ത കേരളത്തിലെ പതിനായിരക്കണക്കിന് ആളുകൾ 2002-ലെ കേന്ദ്ര നിയമമായ സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ 21-08-2017-ൽ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നെങ്കിലും ഇക്കാര്യത്തിൽ നടപടിയൊന്നുമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യം സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും തെളിവെടുക്കുന്നതിനുമായി ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ഇനിപ്പറയുന്ന പതിനൊന്ന് അംഗങ്ങളടങ്ങുന്ന നിയമസഭാ സമിതി അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ച വിവരം സഭയെ അറിയിക്കുന്നു.

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലുള്ള ഒരു അഡ്ഹോക്ക് കമ്മിറ്റി നിയമസഭ രൂപീകരിക്കുന്നത് എന്നുള്ള വിവരവും അംഗങ്ങളെ അറിയിക്കുകയാണ്.

1. ശ്രീമതി ഇ. എസ്. ബിജിമോൾ
2. ശ്രീ. ജെയിംസ് മാത്യു
3. ശ്രീ. മോൻസ് ജോസഫ്
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. എസ്. ശർമ്മ
7. ശ്രീ. സി. കെ. ശശീന്ദ്രൻ
8. ശ്രീ. വി. ഡി. സതീശൻ
9. ശ്രീ. കെ. സുരേഷ് കുറുപ്പ്
10. ശ്രീ. എം. ഉമ്മർ
11. ശ്രീ. എൻ. വിജയൻ പിള്ള

എന്നിവർ സമിതിയിലെ അംഗങ്ങളായിരിക്കും.